**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3268

14.07.2015-ലെ മറുപടിയ്ക്ക്

**സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൺസ്യൂമർഫെഡിന്റെ കീഴിൽ എത്ര ത്രിവേണി സ്റ്റോറുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, നന്മ സ്റ്റോറുകൾ, സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ അനുവദിച്ചിരുന്നു എന്ന് വെളിപ്പെടുത്തുമോ; | (എ) | സംസ്ഥാനത്ത് കൺസ്യൂമർഫെഡിനു കീഴിൽ 272 ത്രിവേണി സ്റ്റോറുകളും 102 നീതി മെഡിക്കൽ സ്റ്റോറുകളും 869 നന്മ സ്റ്റോറുകളും 142 സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളും അനുവദിച്ചിരുന്നു. |
| (ബി) | ഇതിൽ എത്രയെണ്ണം ലാഭത്തിൽ പ്രവർത്തിക്കുന്നു എന്ന് വേർതിരിച്ച് വ്യക്തമാക്കുമോ; | (ബി) | ഇവയിൽ 5 ത്രിവേണി സ്റ്റോറുകളും 30 നീതി മെഡിക്കൽ സ്റ്റോറുകളുമാണ് ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്നത്. നന്മ സ്റ്റോറുകളും സഞ്ചരിക്കുന്ന ത്രിവേണികളും എല്ലാം നഷ്ടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. |
| (സി) | സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (സി) | ഉണ്ട്. സംസ്ഥാനത്ത് കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ 142 സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ പ്രവർത്തനമാരംഭിച്ചിരുന്നു. ഇവയിൽ 76 എണ്ണത്തിന്റെ പ്രവർത്തനം ടെണ്ടർ വർക്ക് മൂലമുള്ള അറ്റകുറ്റപ്പണികൾ, ഡ്രൈവർമാരുടെ ലഭ്യതക്കുറവ്, സ്റ്റോക്ക് പരിമിതികൾ മൂലമുള്ള വിൽപനക്കുറവ് എന്നീ കാരണങ്ങളാൽ താല്ക്കാലികമായി തടസ്സപ്പെട്ടിരിക്കുകയാണ്. ബാക്കിയുള്ള 66 എണ്ണം പ്രവർത്തിച്ചുവരുന്നു. മിതമായ വിലയ്ക്ക് ഗുണമേന്മയുള്ള |

| | | | |
|---|---|---|---|
| | | | സാധനങ്ങൾ സാധാരണക്കാർക്ക് പ്രാപ്യമായ രീതിയിൽ എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് മൊബൈൽ ത്രിവേണികൾ ആരംഭിച്ചത്. യൂണിറ്റുകൾ എല്ലാം തന്നെ ഇപ്പോൾ നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്നു. |
| (ഡി) | സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളിൽ എത്രയെണ്ണം പ്രവർത്തനം അവസാനിപ്പിച്ചു എന്നും വെളിപ്പെടുത്തുമോ? | (ഡി) | സംസ്ഥാനത്ത് ആരംഭിച്ച 142 സഞ്ചരിക്കുന്ന ത്രിവേണികളിൽ 76 എണ്ണത്തിന്റെ പ്രവർത്തനം സാങ്കേതിക കാരണങ്ങളാൽ താല്ക്കാലികമായി നിർത്തി വച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ